# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 135**

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.***

കർത്താവിൽ വാത്സല്യമുള്ളവരേ,

ഈ വർഷത്തെ വിദ്യാഭ്യാസദിനമായി സഭ വേർതിരിച്ചിരിക്കുന്നത് 2024 സെപ്റ്റംബർ 1-ാം തീയതി ഞായറാഴ്ചയാണ്. സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സഭാജനങ്ങൾ അറിയുന്നതിനും വിദ്യാഭ്യാസത്തിലൂടെ വിവേകമുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ സഭയുടെ സംഭാവനയെയും നേട്ടങ്ങളെയും ഓർത്ത് സ്തോത്രം ചെയ്യുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്താം.

കേരളത്തിനകത്തും പുറത്തുമായി അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നമുക്കുണ്ട്. സഭയുടെ കോർപ്പറേറ്റ് മാനേജ്മെന്റിൽ ഉൾപ്പെട്ട 112 പ്രൈമറി സ്കൂളുകളും 15 യു.പി. സ്കൂളുകളും, 15 ഹൈസ്കൂളുകളും, 8 ഹയർ സെക്കന്ററി സ്കൂളുകളും, 1 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളും, 1 റ്റി.റ്റി.ഐ.യും ഉൾപ്പെടെ 152 സ്ഥാപനങ്ങളുണ്ട്. നമ്മുടെ വിദ്യാലയങ്ങളിൽ മികച്ച രീതിയിലുള്ള അദ്ധ്യായനം നടത്തിവരുന്നു. 2024-ൽ എസ്.എസ്.എൽ.സി.യ്ക്ക് 13 ഹൈസ്കൂളും 100% വിജയം കരസ്ഥമാക്കി. ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ സ്കൂളുകളും ഉന്നത വിജയം കരസ്ഥമാക്കി. 2 സ്കൂളുകൾ 90% ലധികം വിജയം കൈവരിച്ചു. നമ്മുടെ TTI 100% വിജയം നേടി. ഉന്നതവിജയം കരസ്ഥമാക്കുവാൻ കഠിനാദ്ധ്വാനം ചെയ്ത പ്രിൻസിപ്പൽമാർ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

കുട്ടികളുടെ അദ്ധ്യാത്മിക വളർച്ചയ്ക്കും, വ്യക്തിത്വ വികസനത്തിനും സഹായിക്കുന്ന പഠനരീതിയാണ് നമ്മുടെ വിദ്യാലയങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഭദ്രാസനാദ്ധ്യക്ഷൻമാരുടെ നേതൃത്വത്തിൽ നടത്തുന്ന മിഷൻ ടൂ സ്കൂൾ പ്രോഗ്രാം, കൗൺസലിംഗ്, കരിയർ ഗൈഡൻസ് ടീമിന്റെ സന്ദർശനം മുതലായവ നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സഹായിക്കുന്നു. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ കാലോചിതമായി മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിൽ അഭിമാനിക്കാം.

സംസ്ഥാന സർക്കാരും, പൊതുജനങ്ങളും, സർവ്വോപരി സഭാംഗങ്ങളും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഉന്നതസ്ഥാനം നൽകുന്നതിൽ സന്തോഷിക്കുന്നു. സ്കൂളുകളെല്ലാം ഹൈടെക് പദവിയിലേക്കുയർത്തുവാൻ സഭാംഗങ്ങളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും സഹായസഹകരണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിൽ ചാരിതാർത്ഥ്യം ഉണ്ട്. കഴിവുള്ള ഇടവകകൾ, സ്കൂളുകൾ ദത്തെടുത്ത്, പ്രത്യേകിച്ച് പ്രൈമറി സ്കൂളുകൾ ദത്തെടുത്ത്, മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ സഹകരിക്കണം.

പ്രളയം മൂലവും കാലപ്പഴക്കം കൊണ്ടും തകർന്ന സ്കൂളുകളുടെ ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഭാംഗങ്ങളുടെ ആത്മാർത്ഥമായ സംഭാവനയാണ് പ്രധാന വരുമാനമാർഗ്ഗം. ഇതിൽ ഒരു ഭാഗം വിദ്യാഭ്യാസദിന സ്തോത്രകാഴ്ചയായി ലഭിക്കേണ്ടതാണ്. കഴിഞ്ഞ വർഷം ഈ ഇനത്തിൽ 20,81,343.00/- രൂപാ മാത്രമാണ് ലഭിച്ചത്. ഈ വർഷം 30 ലക്ഷം രൂപാ പ്രതീക്ഷിക്കുന്നു. എല്ലാ ഇടവകകളും സെപ്റ്റംബർ 1-ാം തീയതി ഞായറാഴ്ച ശുശ്രൂഷാ മദ്ധ്യേ ലഭിക്കുന്ന സ്തോത്രകാഴ്ച പൂർണ്ണമായും, ലഭിക്കുന്ന പ്രത്യേക സംഭാവനകളും M.T. & E.A. Schools മാനേജരുടെ ഓഫീസിലോ സഭാ ഓഫീസിലോ താമസംവിനാ അടയ്ക്കുവാൻ ശ്രദ്ധിക്കണം. അന്നേ ദിവസം നമ്മുടെ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ആരാധനയിൽ സംബന്ധിക്കുന്നതിനും വചനഘോഷണം നടത്തുന്നതിനും അവസരം നൽകുന്നത് ഉചിതമായിരിക്കും.

നല്ല സ്വപ്നങ്ങളും പ്രതീക്ഷകളും യാഥാർത്ഥ്യമായി പരിണമിക്കുവാനും അതിന്റെ നല്ല ഫലങ്ങൾ നമ്മുടെ സ്കൂളുകളിലും കുഞ്ഞുങ്ങളിലും തദ്വാരാ സമൂഹത്തിലും പ്രതിഫലിക്കുവാനും ഇടയാകട്ടെ. വിദ്യാഭ്യാസവും മൂല്യബോധവുമുള്ള ഒരു തലമുറയാണ് നാളെയുടെ ജീവൻ. അങ്ങനെയൊരു തലമുറയെ വാർത്തെടുക്കുവാൻ നമുക്ക് യത്നിക്കാം. സഭയായി നാം ചെയ്യുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നമുക്ക് ഓരോരുത്തർക്കും ഭാഗഭാക്കാകാം.

കൃപ നിങ്ങളേവരോടും കൂടെയിരിക്കട്ടെ.

എന്ന്

തിരുവല്ല പൂലാത്തീനിൽ നിന്നും
2024 ജൂലൈ 20-ാം തീയതി

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

From the Apostolic See of Malankara Metropolitan Dr. Theodosius Mar Thoma

Circular No: 135

***Blessing of our Lord Jesus Christ be with the Vicars, Clergy, Trustees of Parishes and the believers in our Church.***

Beloved in Christ,

The Malankara Mar Thoma Syrian Church has set apart 1st September 2024 as Education Sunday. It is a day earmarked for thanksgiving and prayer for the attainments and blessings we received in the field of education over the past several years.

We have a large number of educational institutions in and out of Kerala. There are 152 schools under the Sabha Corporate Management. Out of which 112 are Primary Schools, 15 UP Schools, 15 High Schools, 8 Higher Secondary Schools, One Vocational Higher Secondary and one Teacher Training Institute. In the last academic year, 13 High Schools, came out with cent percent result in the SSLC examination. St. Thomas T.T.I. also secured 100 % result. In the Higher Secondary section, two out of the eight schools got over 90% pass. Our schools show excellence in Science, Arts and Sports competitions. The untiring efforts put in by the Principals, Headmasters, Teaching, Non-teaching staff as well as the students of our schools are commendable. The different educational activities adopted by our schools are conducive to spiritual growth and personality development. "The Mission to Schools Programme" under the leadership of our Diocesan Episcopas, the visit of the "Counselling and Career Guidance Team" and such other activities are very valuable. We are happy that our schools are becoming centres of excellence.

We are grateful that the State Government and the public at large, especially our church members, give top priority to educational activities. We are getting whole-hearted co-operation of our church members in raising our schools to Hi-Tech status. It would be commendable if the well-off parishes could sponsor our schools, especially, primary schools with the view to transform them into centres of excellence.

The main source of income for the betterment of infrastructure is the generous contribution given by our church members. A part of it should come through Education Sunday offertory. Last year we received Rs. 20,81,343.00. This year we expect Rupees 30 lakhs Offertory (received in covers or otherwise) along with generous contributions be remitted at the M.T. & E.A. Schools Manager's Office or the Sabha Office at Tiruvalla at the earliest. Teachers or students must be given chance for Preaching Sermon or participation in the Church Service on that day.

Remember, we have to keep promises, and the fruits thereof must reach the children and through them to the society. A value-conscious generation, shaped through education, must be the 'Hope of Life' tomorrow. Let us work hard together to mould such a generation. May God bless us and help us in all our endeavours in the field of education.

Grace be with you all.

Dated 20th July 2024 from Poolatheen, Tiruvalla

**Dr. Theodosius Mar Thoma Metropolitan**